LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 6.63 കോടി രൂപ കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ തുക സർക്കാർ അംഗീകരിച്ച് നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിവരുന്ന തുക കാലാകാലങ്ങളിൽ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുവേണ്ടി വരുന്ന തുക, ജില്ലാതല വിദഗ്ദ്ധ സമിതികളുടെ യോഗനടപടികൾക്കും അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും വേണ്ടി വരുന്ന തുക, ആഡിറ്റ് ഫീസിനുള്ള തുക, നദീതീരവാസികളുടെ ദുരിതാശ്വാസത്തിനായോ, പുനരധിവാസത്തിനായോ ഉണ്ടാക്കുന്ന പദ്ധതികൾ നടപ്പാക്കാനുള്ള തുക എന്നിവ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് ആക്ടിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) തുക ചെലവഴിച്ചിട്ടില്ല.

(സി) പരിഗണനയിലാണ്.

വടകര മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതി

39 [1823] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയിലും, ഓഞ്ചിയം, ചോറോട് പദ്ധതിക്കും ജലവിതരണത്തിന് വെള്ളമെടുക്കുന്ന പുഴയിൽ വേനലിൽ വെള്ളത്തിന്റെ ലഭ്യത കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ തടയണ നിർമ്മിക്കുന്ന പ്രവൃത്തി ഈ വർഷം ആരംഭിക്കുമോ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കുടിവെള്ളം നൽകുന്ന എന്തെങ്കിലും പദ്ധതിക്ക് വാട്ടർ അതോറിറ്റി അനുവാദം നൽകുന്നുണ്ടോ, എങ്കിൽ എവിടെയാണ് അപേക്ഷ നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വടകര മുനിസിപ്പാലിറ്റിയിലേക്കുള്ള പഴയ ശുദ്ധജലവിതരണ പദ്ധതിയുടെ സ്രോതസ്സായ വാണിമേൽ പുഴയിൽ സ്ഥിരം ബണ്ട് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ടെക്നോളജി മിഷന്റെ സഹായത്തോടുകൂടിയുള്ള അഴിയൂർ ശുദ്ധജല വിതരണ പദ്ധതിയിൽപ്പെടുത്തി വാണിമേൽ പുഴയിൽ മറ്റൊരു സ്ഥിരം തടയണ കെട്ടാൻ ഉദ്ദേശിക്കുന്നുണ്ട്. വടകര മുനിസിപ്പാലിറ്റി ഓഗ്മെന്റേഷൻ പദ്ധതിയുടെ സ്രോതസ്സായ കുറ്റ്യാടി പുഴയിലെ വെള്ളത്തിന്റെ ലഭ്യത കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സ്ഥിരം തടയണ നിർമ്മിക്കാൻ വേണ്ട പ്രൊപ്പോസൽ ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലാണ്. ഓഞ്ചിയം-ചോറോട് പദ്ധതിക്ക് വെള്ളത്തിന്റെ ലഭ്യത കുറഞ്ഞതായി ഇതുവരെ അനുഭവപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായത്തോടെ ഹയർ സെക്കണ്ടറിതലം വരെയുള്ള ഗവൺമെന്റ് സ്കൂളുകളിൽ ഗ്രാമീണ ശുദ്ധജല വിതരണം നടത്തുന്നതിനുവേണ്ടി പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. കൂടാതെ സ്വജൽധാരാ പദ്ധതി മുഖേനയും സർക്കാർ സ്കൂളുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സ്വജൽധാര പദ്ധതികൾ ആവശ്യമുള്ള സ്കൂളുകൾക്ക് ജില്ലാ തലത്തിൽ രൂപീകരിച്ചിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ മിഷൻ മെമ്പർ സെക്രട്ടറിയായ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിക്കാവുന്നതാണ്.

നീരൊഴുക്കിനെ നദിയായി കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

40 [1824] ശ്രീ. ഇ. എം. അഗസ്തി:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരൊഴുക്കിനെ നദിയായി കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര നദികളാണ് ഉള്ളത് എന്ന് പറയാമോ;

(സി) ഈ വർഷം ഉണ്ടായ വരൾച്ചയിലും ഇടതടവില്ലാത്ത നീരൊഴുക്കും ഇതിൽ ഏതെല്ലാം നദികളിലുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15 കിലോ മീറ്ററിൽ കൂടുതൽ ദൈർഘ്യമുള്ള നീരൊഴുക്കുകളെ നദിയായി കണക്കാക്കുന്നു.

(ബി) മേൽപ്പറഞ്ഞ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 44 നദികളുണ്ട്.

(സി) ഈ വർഷം ഉണ്ടായ വരൾച്ചയിൽ സംസ്ഥാനത്തെ നദികളിലൊന്നും തന്നെ പ്രയോജനപ്രദമായ രീതിയിൽ ഇടതടവില്ലാത്ത നീരൊഴുക്ക് ഉണ്ടായതായി രേഖപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly